ന. കരുപ്പാടം റോഡിൽ വ 0 / ഫ-ന്റ് അപ്പുറം ഉള്ള പല്ലുറ റോഡിൽ മെറ്റലിടുക.

ര. കാര-കോതപറമ്പു റോഡിനെ നന്നാക്കുകയും മെറ്റലിടുകയും ചെയ്യുക.

ള. ബ്ഉാങ്കച്ചാൽ തോട്ടിലുള്ള പാലം വീണ്ടും പണിയിക്കുക

(ബി) ഫ. മേത്തല മലയാളം സ്കൂളിന്റെ മേൽക്കൂര നന്നാക്കുക.

വ. അഴീക്കോട്ടിൽ ഒരു ചെറിയ പാലം പണിയിക്കുക

ന. വിജയൻതോടിന്റെ കരയ്ക്കുട്ടക്കാനുള്ള ഒരു കടവു പണിയിക്കുക.

ര. അഴീക്കോട്ട ജെട്ടിയുടെ സമീപം ഒരു വെയിറ്റിംഗ് ഷെഡ്ഡ് പണിതീർക്കുക.

ള. കൊട്ടങ്ങല്ലൂരിൽ കടൽത്തീരത്തിൽ ഗ്രോയിൻസ് സ്ഥാപിക്കുക.

(സി) കഴിയുന്നതും വേഗം, എസ്റ്റിമേറ്റുകളും തയാറാക്കി പണികൾ ആരംഭിക്കും.

പുതിയ വ്യവസായങ്ങൾ

*൪൩൯. (൪൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുവാൻ എത്ര സംഖ്യ കഴിഞ്ഞ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടു്;

(ബി) ഏതെല്ലാം വ്യവസായങ്ങളാണു് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതു്;

(സി) പുതുതായി ഏതെങ്കിലും വ്യവസായം ഇതിനകം ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണു്;

(ഇ) എന്നത്തേക്കു് പുതിയ വ്യവസായങ്ങൾ ഏർപ്പെടുത്തി വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയ്ക്കു പരിഹാരം വരുത്തുവാൻ കഴിയും?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ഠരുമാൻ): (എ) ര 0 ലക്ഷം രൂപാ.

(ബി) മോണോസൈറ്റ് ഫാക്ടറിയും മറ്റും.

(സി) ഉണ്ടു്. കാസ്റ്റിക്കു് സോഡാ ഫാക്റ്ററിയുടെ പണി തുടങ്ങിയിട്ടുണ്ടു്.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ട്രാൻസ്പോർട്ട ബസ്സുകളിലെ പരസ്യം

*൪൭0. (൪൩) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട ബസ്സുകളിൽ വച്ചിരിക്കുന്ന ഡിപ്പാർട്ടുമെന്റുവക പരസ്യങ്ങളല്ലാത്തവയ്ക്കു് എന്തെങ്കിലും തുകയായം പരസ്യക്കാരിൽനിന്നും ഈടാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പരസ്യങ്ങൾക്കു് ഫ്ഫ-ൽ എന്തു തുക വരവു മെണ്ടിനു ലഭിച്ചു?

LIBRARY ARCHIVES Kerala Legislative Assembly